"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- സംസ്ഥാന മിഷൻ ഓഫീസിലെ ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ (ആർ.ഇ.) , ജില്ലാമിഷനിലെ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ എന്നിവരുടെ സാമ്പത്തിക ചെലവിനുള്ള അധികാരത്തിന്റെ പരിധി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1665/2022/LSGD തീയതി,തിരുവനന്തപുരം, 13-07-2022

---

പരാമർശം:-
1. സ.ഉ. (സാധാ) നം.2199/09/ത.സ്വ.ഭ.വ. തീയതി 25.08.2009
2. സ.ഉ.(പി) നം.102/2017/ധന തീയതി 07.08.2017
3. സ.ഉ.(സാധാ) നം. 633/2019/ത.സ്വ.ഭ.വ. തീയതി 15.03.2019
4. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 26.04.2021-ലെ 2984/ഇ.ജി.എസ്.ഡി/20/ആർ.ഇ.ജി.എസ് നമ്പർ കത്ത്
5. സ.ഉ.(സാധാ) നം. 402/2022/ത.സ്വ.ഭ.വ. തീയതി 22.02.2022

<u>ഉത്തരവ്</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജില്ലാമിഷന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ഒരു ലക്ഷം രൂപ വരെയുള്ള സാമ്പത്തിക ചെലവിനുള്ള അധികാരം പരാമർശം (1) ഉത്തരവ് പ്രകാരം ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്ക് നൽകിയിട്ടുണ്ട്. മിഷൻ ഡയറക്ടറുടെ ജോലിഭാരം കുറയ്ക്കുന്നതിനും, മിഷന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുമായി ടി അധികാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിലെ ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ (ആർ.ഇ)-യ്ക്കും അനുവദിച്ച് പരാമർശം (3) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ശമ്പള പരിഷ്കരണം നിലവിൽ വന്ന സാഹചര്യത്തിൽ സാമ്പത്തിക ചെലവിനുള്ള തുകയുടെ പരിധി ഉയർത്തേണ്ട സാഹചര്യം അനിവാര്യമാണെന്നും, ആയതിനാൽ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിലെ ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ (ആർ.ഇ), ജില്ലാ മിഷനിലെ ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർ എന്നിവർക്ക് സാമ്പത്തിക ചെലവിനുള്ള തുകയുടെ പരിധി ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകണമെന്ന് പരാമർശം (4) പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. ഭരണ വകുപ്പുകളുടെയും വകുപ്പ് തലവന്മാരുടെയും സാമ്പത്തിക അധികാരം

നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം രൂപീകരിച്ച എംപവേർഡ് കമ്മിറ്റി 10.03.2022-ൽ യോഗം ചേരുകയും മിഷൻ ഡയറക്ടറുടെ അഭ്യർത്ഥനയിൽ അനുകൂല തീരുമാനം കൈക്കൊള്ളാൻ ശിപാർശ ചെയ്യുകയും ചെയ്തു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ 2019-ലെ ശമ്പള പരിഷ്കരണത്തിന്റെ പശ്ചാത്തലത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിനായി. ടി ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, വാഹനങ്ങളുടെ വാടക, സ്റ്റേഷനറി വാങ്ങൽ, മറ്റ് ഓഫീസ് ചെലവുകൾ തുടങ്ങിയ ഭരണപരമായ ചെലവുകൾ നിർവഹിക്കുന്നതിനുള്ള സംസ്ഥാന മിഷനിലെ ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ (ആർ.ഇ). ജില്ലാ മിഷനുകളിലെ ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർ എന്നിവരുടെ സാമ്പത്തിക ചെലവിനുള്ള അധികാര പരിധി ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി ഉയർത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർ/പ്രോഗ്രാം കോർഡിനേറ്റർമാർക്കും
എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും(മിഷൻ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (2034670/ഡെവ.3/50/2022-ധന തീയതി 03.06.2022)
തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Nisam N**
**Date: 13-07-2022 12:48:18**
സെക്ഷൻ ഓഫീസർ

പകർപ്പ്:
പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്